LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരെ അവർക്ക് ലൈനിൽ ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ടി ജീവനക്കാരേയും ക്യാഷ് കളക്ഷനുവേണ്ടി താത്ക്കാലികമായി നിയോഗിക്കാറുണ്ട്. ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിൽ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന കെ.എസ്.ഇ.ബി. ജീവനക്കാരുടെ പേരും അവരുടെ യഥാർത്ഥ തസ്തിക സംബന്ധിച്ച വിവരവും അനുബന്ധമായി* ചേർക്കുന്നു.

(ഡി) കെ.എസ്.ഇ.ബി. റീ-സ്ട്രക്ചറിംഗ് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്നറിയിക്കാമോ?

കെ.എസ്.ഇ.ബി.-യിലെ റീ-സ്ട്രക്ച്ചറിംഗ് സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ വിശദമായ പരിശോധനയ്ക്കും അഭിപ്രായ രൂപീകരണത്തിനുമായി സ്ഥാപനത്തിലെ രജിസ്റ്റേർഡ് യൂണിയനുകൾക്കും ഓഫീസർ അസോസിയേഷനുകൾക്കും നൽകിയിട്ടുണ്ട്. വിവിധ തലത്തിലുള്ള ചർച്ചകൾക്കുശേഷം നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും സർക്കാരിന്റെയും പരിഗണനയ്ക്ക് വിധേയമായി അന്തിമരൂപത്തിലായതിനുശേഷം അംഗീകാരം ലഭിക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മുന്നോട്ടു പോകാൻ സാധിക്കുന്നതാണ്.

കെ.എസ്.ഇ.ബി. ഫീൽഡ് സ്റ്റാഫ്

237(251) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതികൂലമായ കാലാവസ്ഥയിലും അപകടകരമായ ജോലി ചെയ്യുന്ന കെ.എസ്.ഇ.ബി.യി.-ലെ ഫീൽഡ് സ്റ്റാഫുകൾക്ക് മതിയായ ഇൻഷ്വറൻസ് പരിരക്ഷ സർക്കാർ ഉറപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനുവേണ്ടി ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടമരണം സംഭവിക്കുന്ന ബോർഡ് ജീവനക്കാർ/കരാർ തൊഴിലാളിക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് കാലാകാലങ്ങളിൽ പ്രത്യേക ഉത്തരവുകൾ പ്രകാരം ബാധകമാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കപ്പെടുന്നതിന് അർഹതയുണ്ട്. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായി വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരം 7,45,275 രൂപ മുതൽ 17,14,050 രൂപ വരെ ലഭിക്കുന്നതിനും ശവസംസ്കാര ചെലവിനായി 10,000 രൂപ പരേതരുടെ ആശ്രിതർക്ക് ലഭിക്കുന്നതിനും അർഹതയുണ്ട്. Group Personal Accident Insurance പദ്ധതിയിലെ അംഗത്വം പുതുക്കുന്നതിനായി സർക്കാരിന്റെ SLI/GIS

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളിൽക്കൂടി അംഗത്വം നിർബന്ധമാക്കിയ സാഹചര്യത്തിൽ തൊഴിലാളി/ ഓഫീസർ സംഘടനകൾ SLI/GIS പദ്ധതികളിൽ ചേരുന്നതിന് വിമുഖത അറിയിച്ചതിനാൽ 2021 വർഷത്തെ GPAIS പദ്ധതിയിൽ അംഗത്വം പുതുക്കാനാകാതെ വരികയും ഇതിനുപകരമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് 'എംപ്ലോയീസ് വെൽഫെയർ ഫണ്ട് മുഖാന്തരം അപകട ആശ്വാസ ധനസഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഈ പദ്ധതി അനുസരിച്ച് അപകടമരണങ്ങൾക്ക് 10,00,000 രൂപയും മാരകമല്ലാത്ത അപകടങ്ങൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി അപകട ആശ്വാസ ധനസഹായം (പരമാവധി 10 ലക്ഷം രൂപ)-യും കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി ലഭ്യമാകുന്നതിന് അർഹതയുണ്ട്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും നിലവിൽ 10 ലക്ഷം രൂപ (07/2021 മുതൽ 12 ലക്ഷം രൂപയായി വർദ്ധനവ് വരുത്തിയിട്ടുണ്ട്) മരണാനന്തര ആനുകൂല്യവും സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യങ്ങൾക്ക് പരമാവധി 3,50,000 രൂപയും (07/2021 മുതൽ 4,50,000 രൂപയും) വ്യവസ്ഥകൾക്ക് വിധേയമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

(ബി) ഇവർക്ക് ആധുനിക രീതിയിലുള്ള സുരക്ഷാ ഉപകരണങ്ങളും മറ്റും നൽകി അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കാനായി കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാൻമാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് (ഷോൾഡർ ബാഗോടുകൂടി) ഉപയോഗിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. എർത്ത് റോഡ്, ഷോർട്ടിംഗ് ക്ലിപ്പ്, ഫുൾ ബോഡി സേഫ്റ്റി ബെൽറ്റ്, സേഫ്റ്റി ഷൂസ്, സേഫ്റ്റി ഹെൽമെറ്റ്, ഗ്ലൗസ്, എർത്ത് സ്പൈക്ക് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ആണ് നൽകിയിട്ടുള്ളത്. നൂതന വർക്ക് സൈറ്റ് എർത്തിംഗ് രീതിയായ "ഇക്വിപൊട്ടൻഷ്യൽ ബോണ്ട് എർത്തിംഗ്" നടപ്പാക്കിയിട്ടുണ്ട്.

റീ ചാർജിംഗ് സെന്ററുകൾ

238(252) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീ-ചാർജിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;